# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നംമ്പർ : 3082,6201/11/12/2021/TVM,3159/11/15/2021

പരാതികക്ഷി
1) സന്ധ്യ.പി.വി,കൈലാസം
തെങ്ങുമുടമ്പവീട്,തിരുവഴിമുക്ക്,തിരുവല്ലം
തിരുവനന്തപുരം
ജോജി കാവും പടിക്കൽ,കാവും പടിക്കൽ വീട്

2) കോഴഞ്ചേരി,പത്തനം തിട്ട
കോഴഞ്ചേരി,പത്തനം തിട്ട

എതിർകക്ഷികൾ
ഷാജി പൂവത്തൂർ

മുതൽപേർ

ഉത്തരവ് തീയതി 09.05.2024

***ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന ഹ്യൂമൻ റൈറ്റ്സ് കോർപ്പ്സ് എന്ന സംഘടനയുടെ ചെയർമാൻ ഷാജി പുവത്തൂർ എന്ന ആളും കൂട്ടാളികളും ചേർന്ന് നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ എന്ന വ്യാജേന പരാതിക്കാരനേയും നിരവധി ആൾക്കാരെയും അംഗത്വ ഫീസ് വാങ്ങി അംഗങ്ങളായി ചേർത്ത് തട്ടിപ്പ് നടത്തുന്നതായും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ സൽപ്പേരിന് കളങ്കം ഉണ്ടാക്കി ധനസമാഹരണം നടത്തുന്നതായും മറ്റു***മാണ് പരാതി സംഗതി

പരാതി സംഗതിയിലെ ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു. തിരുവല്ലം പോലീസ് സ്റ്റേഷൻ പരിധിയിൽ National Human Rights Corps എന്ന സംഘടനയുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ലായെന്നും ടി പരാതിയിലെ എതിർകക്ഷികൾക്ക് നേരിട്ട് ഹാജരാകുവാൻ സാധിക്കാത്തതിനാൽ ടിയാന്മാരുടെ സ്റ്റേറ്റ്മെൻറ് ഇ മെയിലായി അയച്ചുതരുകയും, പരാതികക്ഷി ടി സംഘടനയെ സ്വാർത്ഥ താൽപര്യങ്ങൾക്ക് ദുരുപയോഗം ചെയ്തതിനാൽ സംഘടനയിൽ നിന്നും പുറത്താക്കിയ കാരണത്താലാണ് ടി പരാതി പറഞ്ഞിരിക്കുന്നതെന്നും, ഇരുകക്ഷികളും തമ്മിലുള്ള സംഘടനാപരമായ തർക്കം നിയമപരമായി തീർക്കുവാനും ഇനി മേലിൽ പരാതികക്ഷിക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാവാൻ പാടില്ലായെന്ന ശക്തമായ താക്കീത് എതിർകക്ഷികൾക്ക് നൽകിയിട്ടുള്ളതുമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചു. നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ എന്ന പേരിനോട് സമാനമായതോ സാദൃശ്യം വരുന്നതോ ആയ പേരുകൾ നൽകി സംഘടനകൾ ഉണ്ടാക്കി ജനങ്ങളെ കബളിപ്പിച്ച് പണം തട്ടുന്ന സംഭവങ്ങൾ ധാരാളം നടക്കുന്നതായി കമ്മീഷൻെറ ശ്രദ്ധയിൽ വരുകയും സംസ്ഥാന പോലീസ് മേധാവിക്ക് ഇതു സംബന്ധിച്ച് നിരവധി ശുപാർശകൾ കമ്മീഷൻ പല സന്ദർഭത്തിലും നൽകിയിട്ടുമുണ്ട്. എന്നാൽ അതിൻെറ ഗൗരവം ഉൾകൊണ്ടുള്ള ഒരു അന്വേഷണ റിപ്പോർട്ടല്ല സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് കമ്മീഷൻ മനസ്സിലാക്കുകയും തുടർന്ന് കമ്മീഷൻെറ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പരാതികക്ഷിയെയും എതിർകക്ഷികളെയും കണ്ട് ചോദിച്ച് മൊഴികൾ രേഖപ്പെടുത്തിയും, പരാതിയുമായി ബന്ധപ്പെട്ട പ്രസക്ത രേഖകൾ ശേഖരിച്ചും വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് കമ്മീഷൻെറ സൂപ്രണ്ട് ഓഫ് പോലീസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൻെറ കണ്ടെത്തലുകൾ ഇപ്രകാരമാണ്;

''*ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന* NHRC *എന്ന സംഘടന കേരളത്തിൽ ആളുകളെ അംഗങ്ങളായി ചേർത്ത് അംഗത്വ ഫീസ് പിരിക്കുകയും സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നു എന്നുമുള്ള ആരോപണങ്ങളെക്കുറിച്ച് പരിശോധിച്ചതിൽ ന്യൂഡൽഹി ആസ്ഥാനമാക്കി* 22 B/176, F/F, Indira Park, Utham Nagar *എന്ന വിലാസത്തിൽ നാഷണൽ ഹ്യൂമൻ റൈറ്റ്സ് കോർപ്സ് എന്ന സംഘടനയുടെ ഓഫീസ് പ്രവർത്തിച്ചുവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി എന്ന സ്ഥലത്തു നിന്ന് ഡൽഹിയിൽ താമസമാക്കിയിരിക്കുന്ന ഷാജി ജേക്കബ് @ ഷാജി പൂവത്തൂർ എന്നയാളാണ് ടി സംഘടനയുടെ നാഷണൽ ചെയർമാൻ.*

*നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ എന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ* NHRC *എന്ന ചുരുക്കെഴുത്ത് ടി സംഘടനയുടെ ആൾക്കാർ ഉപയോഗിച്ചുവരുന്നു. ഇത് ടി സംഘടനയുടെ പ്രൊഫൈൽ പിക്ചറായി വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള ലോഗോയുടെ പകർപ്പിൽ നിന്ന് വ്യക്തമാകുന്നു വാട്ട്സ് ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിൽ അക്കൗണ്ട് ഉണ്ടാക്കുകയും അതിലൂടെ ആൾക്കാരെ സംഘടനയുമായി സഹകരിപ്പിക്കുന്നതിന് പ്രേരിപ്പിച്ചുകൊണ്ട് പോസ്റ്റുകൾ ഇട്ടിട്ടുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പോസ്റ്റുകളുടെ സ്ക്രീൻ ഷോട്ടുകളുടെ പകർപ്പിൽ നിന്നും ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സാധാരണക്കാരായ ജനങ്ങളേയും സാമൂഹിക പ്രവർത്തകരേയും മനുഷ്യാവകാശ പ്രവർത്തകരായ ആളുകളേയും സംഘടനയിൽ അംഗമാക്കുകയും അംഗങ്ങളിൽ പലർക്കും വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഐഡൻറിറ്റി കാർഡുകൾ നൽകിയിട്ടുള്ളതായും ബോധ്യമായിട്ടുണ്ട്.*

*ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്ന് തെറ്റിദ്ധരിച്ചരിച്ചാണ് പരാതിക്കാരായ ജോജി കാവുംപടിക്കൽ, ശ്രീമതി. സന്ധ്യ എന്നിവർ ടി സംഘടനയിൽ അംഗങ്ങളായത്. ടിയാന്മാർ നിരവധി ആൾക്കാരെ ടി സംഘടനയിൽ അംഗങ്ങളാക്കിയിരുന്നു. ടി സംഘടന വാഗ്ദാനം ചെയ്തിരുന്ന വ്യാജമായ അധികാരങ്ങൾ സത്യമാണെന്ന് വിശ്വസിച്ച്, ഇതിൽ അംഗമായി ചേർന്ന സന്ധ്യ ഉൾപ്പെടെയുള്ളവർ, വീടുകളിൽ സ്ഥാനമാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ബോർഡുകൾ വെയ്ക്കുകയും പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തിരുന്നതായി സാക്ഷി മൊഴികളിൽ നിന്നും വ്യക്തമാകുന്നു.*

*ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്നിങ്ങനെ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് തട്ടിപ്പുകൾ നടത്തി വന്നിരുന്ന നിരവധി സംഘടനകൾക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിലും അവയൊന്നും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. അതിനാലാണ് ജനങ്ങളുടെ അറിവില്ലായ്മയെ ചൂഷണം ചെയ്യുന്ന സംഘടനകൾ വീണ്ടും രംഗത്തു വരുന്നത്. നാഷണൽ ഹ്യൂമൻ റൈറ്റ്സ് കോർപ്സ് എന്ന സംഘടനയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. നാഷണൽ ഹ്യൂമൻ റൈറ്റ്സ് കോർപ്സ് എന്ന സംഘടനയുടെ നാഷണൽ ചെയർമാൻ ഷാജി ജേക്കബ് , സംസ്ഥാന ഭാരവാഹികളായ അനിൽകുമാർ പി.റ്റി, കെ.കെ. സാറാമ്മ തുടങ്ങിയവരുടെ തട്ടിപ്പുകൾ വിശദമായി അന്വേഷിക്കേണ്ടതായും കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായും ഉണ്ട്. ആയതിനാൽ ടിയാന്മാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് സംസ്ഥാന ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകാവുന്നതാണ്.''*

പരാതിയും റിപ്പോർട്ടുകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. മനുഷ്യാവകാശ കമ്മീഷൻെറയും അംഗങ്ങളുടെയും പേരും അധികാരങ്ങളും ദുരുപയോഗം ചെയ്ത് ചില സ്വകാര്യസംഘടനകളും വ്യക്തികളും, പൊതുജനങ്ങളെയും സർക്കാർ ഉദ്യോഗസ്ഥരെയും ഭീഷണിപ്പെടുത്തുന്നെന്നും മറ്റ് നിയമവിരുദ്ധമായ നേട്ടങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള വളരെയധികം പരാതികൾ കമ്മീഷൻെറ ശ്രദ്ധയിൽപെടുകയുണ്ടായി. ജനങ്ങളെ ചൂഷണം ചെയ്യാനും സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും പണം പിടുങ്ങാനും സർക്കാർ സംവിധാനങ്ങളെ തങ്ങളുടെ വരുതിയിലാക്കി സ്വാർത്ഥതാത്പര്യങ്ങൾ സംരക്ഷിക്കാനും നേട്ടങ്ങൾ ഉണ്ടാക്കാനുമാണ് ചില സംഘടനകൾ ഇപ്രകാരം പ്രവർത്തിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. സംസ്ഥാനത്തിനകത്തോ പുറത്തോ ഉള്ള ഏതെങ്കിലും സംഘടനകൾക്കോ വ്യക്തികൾക്കോ കമ്മീഷൻ രജിസ്ട്രേഷനോ അംഗീകാരമോ കമ്മീഷനോടൊപ്പം നിന്നു പ്രവർത്തിക്കുന്നതിനുള്ള അനുവാദപത്രമോ നൽകിയിട്ടില്ല. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പൊതുജനങ്ങളെ അംഗങ്ങളായി ചേർക്കാനും നിയമം അനുവദിക്കുന്നില്ല. നിയമവിരുദ്ധമായും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലും പ്രവർത്തിക്കുന്ന വ്യാജ സംഘടനകളെ കമ്മീഷൻ ഒരിക്കലും പ്രോത്സാഹിപ്പിക്കില്ല.

മനുഷ്യാവകാശ ലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് ഈ കമ്മീഷൻെറ ശ്രദ്ധയിൽ കൊണ്ടുവരുക എന്നതല്ലാതെ, പരാതികളും കേസുകളും പരിശോധിച്ച് തീരുമാനം എടുക്കുന്നതിനോ സ്ഥാപനങ്ങളിൽ പരിശോധനനടത്തുന്നതിനോ സ്വകാര്യവ്യക്തികൾക്കോ സംഘടനകൾക്കോ യാതൊരു അവകാശവുമില്ല. അത്തരം ദുരുപയോഗം തടയുന്നതിന് ആവശ്യമായ നടപടികൾസ്വീകരിക്കുന്നതിനുള്ള കമ്മീഷൻെറ നിർദ്ദേശങ്ങൾ സംസ്ഥാന ചീഫ് സെക്രട്ടറി, പോലീസ് മേധാവി, ഗതാഗത വകുപ്പ് കമ്മീഷണർ എന്നിവർക്ക് കമ്മീഷൻെറ ചെയർപേഴ്സൺ ആയിരുന്ന ജസ്റ്റിസ് ആൻറണി ഡൊമിനിക്ക് നൽകിയിട്ടുമുണ്ട് എന്നാൽ ഇപ്പോഴും സമാനരീതിയിലുള്ള തട്ടിപ്പുകൾ നടക്കുന്നുവെന്നുവേണം അനുമാനിക്കാൻ. ഈ സാഹചര്യത്തിൽ കമ്മീഷൻെറ സൂപ്രണ്ട് ഓഫ് പോലീസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ കമ്മീഷൻ അംഗീകരിക്കുന്നു.

***നാഷണൽ ഹ്യൂമൻ റൈറ്റ്സ് കോർപ്സ് എന്ന സംഘടനയുടെ നാഷണൽ ചെയർമാൻ ഷാജി ജേക്കബ്, സംസ്ഥാന ഭാരവാഹികളായ അനിൽകുമാർ പി.റ്റി, കെ.കെ. സാറാമ്മ എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് സംസ്ഥാന ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം*** നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ***സംസ്ഥാന പോലീസ് മേധാവി***യോട് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

ഉത്തരവിൻെറ പകർപ്പ്സംസ്ഥാന പോലീസ് മേധാവി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ